ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 23.03.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

01. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീര വിപ്ലവകാരികളായ ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവർക്ക് രാജ്യം ഇന്ന് ആദരാഞ്ജലി അർപ്പിക്കുന്നു. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയുള്ള അവരുടെ നിർഭയമായ പരിശ്രമം എക്കാലവും പ്രചോദനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

**The country pays tribute today to the brave revolutionaries Bhagat Singh, Rajguru, and Sukhdev, who fought in the Indian freedom struggle. Prime Minister Narendra Modi says their fearless efforts for freedom and justice will always be an inspiration.**

02. ഫിറ്റ് ഇന്ത്യ മൂവ്മെന്റിനെ വിജയിപ്പിക്കാൻ വ്യായാമവും സൈക്ലിങ്ങും ജീവിതത്തിന്റെ ഭാഗമാക്കണമെന്ന് കേന്ദ്ര കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ.

**Union Sports Minister Mansukh Mandaviya says that exercise and cycling should be made a part of life to make the Fit India Movement a success.**

03. രാജ്യത്തിന്റെ അഭിവൃദ്ധിക്കായി അവികസിത പ്രദേശങ്ങളുടെ ഉന്നമനം സാധ്യമാക്കേണ്ടത് നിർണായകമാണെന്ന് കേന്ദ്രസഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ.

**Union Minister of State for Raksha Nikhil Khadse says that it is crucial to enable the upliftment of underdeveloped areas for the progress of the country.**

04. പട്ടിക ജാതി- പട്ടിക വർഗ വികസനത്തിനായി രാജ്യത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് തുടർച്ച ആവശ്യമാണെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

**Kerala Governor Rajendra Vishwanath Arlekar says that the work implemented in the country for the development of Scheduled Castes and Scheduled Tribes needs to be continued.**

05. ഐ പി എല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഹൈദരാബാദ് - രാജസ്ഥാനെയും, ചെന്നൈ-മുംബൈയെയും നേരിടും.

**Two matches in IPL today. Hyderabad will face Rajasthan and Chennai will face Mumbai.**

&&&&&&&&&&&&&&&&&&&&&&

# HEADLINE-1

**PM - MARTYRS DAY**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീര വിപ്ലവകാരികളായ ഭഗത് സിംഗ്, ശിവറാം രാജ്ഗുരു, സുഖ്ദേവ് ഥാപ്പർ എന്നിവരുടെ രക്തസാക്ഷിത്വ ദിനമായ ഇന്ന് രാജ്യം ധീരദേശാഭിമാനികൾക്ക് ആദരാഞ്ജലി അർപ്പിക്കുന്നു. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയുള്ള അവരുടെ നിർഭയമായ പരിശ്രമത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. അവരുടെ ത്യാഗങ്ങൾ നമുക്കെല്ലാവർക്കും പ്രചോദനം നൽകുന്നതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

# HEADLINE-2

**MANDAVIYA-FIT INDIA SUNDAY (INTRO)**

***ഫിറ്റ് ഇന്ത്യ മൂവ്മെന്റിനെ വിജയിപ്പിക്കാൻ വ്യായാമവും സൈക്ലിങ്ങും ജീവിതത്തിന്റെ ഭാഗമാക്കണമെന്ന് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ആരോഗ്യത്തോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിനും സൈക്ലിങ് സഹായകമാകുമെന്ന് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. രാജ്യവ്യാപകമായി നടക്കുന്ന 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ' പരിപാടിക്ക് ലഖ്നൗവിൽ നേതൃത്വം നൽകുകയായിരുന്നു കേന്ദ്രമന്ത്രി.***

***(ഹോൾഡ് വോയ്സ്......)***

***4200 ഇടങ്ങളിലായി നടത്തുന്ന 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ' പരിപാടിയിൽ രണ്ട് ലക്ഷത്തോളം പേരാണ് പങ്കെടുക്കുന്നത്.***

&&&&&&&&&&&&&&&&&&&&&&

**SC – IN HOUSE INQUIRY REPORT**

ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമ്മയുടെ വസതിയിൽ വൻതോതിൽ പണം കണ്ടെത്തിയെന്ന ആരോപണത്തിലെ ആഭ്യന്തര അന്വേഷണ റിപ്പോർട്ട് സുപ്രീം കോടതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഡി കെ ഉപാധ്യായ സമർപ്പിച്ച 25 പേജുള്ള അന്വേഷണ റിപ്പോർട്ടിൽ അഞ്ചോളം നോട്ട് കൂമ്പാരങ്ങൾ പകുതി കത്തിയ നിലയിൽ ജഡ്ജിയുടെ വസതിയിൽ കണ്ടെത്തിയതായി പറയുന്നു. അതേസമയം സംഭവത്തിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് ജസ്റ്റിസ് യശ്വന്ത് വർമ പറഞ്ഞു. കേസിൽ ആഭ്യന്തര അന്വേഷണത്തിന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## HEADLINE-3

**MOS – NAGALAND – VISIT**

കേന്ദ്ര യുവജനകാര്യ, കായിക സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ, ഇന്നലെ നാഗാലാൻഡിലെ നോക് ലാക് ജില്ല സന്ദർശിച്ചു.

മേഖലയിലെ കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ സ്വാധീനവും പുരോഗതിയും മന്ത്രി വിലയിരുത്തി. ഇന്ത്യയുടെ അഭിവൃദ്ധിക്കായി രാജ്യത്തെ ഏറ്റവും വിദൂരവും അവികസിതവുമായ പ്രദേശങ്ങളുടെ ഉന്നമനത്തിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീമതി ഖഡ്സെ എടുത്തു പറഞ്ഞു. കൊഹിമയിൽ നാഗാലാൻഡ് മുഖ്യമന്ത്രി നെയ്ഫിയു റിയോയുമായി കൂടിക്കാഴ്ച നടത്തിയ മന്ത്രി, സംസ്ഥാനത്തെ കായിക മേഖല മെച്ചപ്പെടുത്തുന്നതിനുള്ള വഴികളെക്കുറിച്ചും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&&&&

## ONION EXPORT

രാജ്യത്ത് ഉള്ളി കയറ്റുമതിക്കുള്ള 20% തീരുവ പിൻവലിക്കുന്നതായി കേന്ദ്ര സർക്കാർ. ഉത്തരവ് ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. കർഷകർക്ക് ആദായകരമായ വിലയും വരുമാനവും ഉറപ്പാക്കുന്ന തീരുമാനമാണിതെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം അറിയിച്ചു. ആഭ്യന്തര ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞ വർഷം സെപ്റ്റംബർ മുതലാണ് ഉള്ളിക്ക് 20% കയറ്റുമതി തീരുവ ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&&&

## ALL PARTY MEETING

രാജ്യത്തെ നിയമസഭാ മണ്ഡലങ്ങളിൽ പോളിംഗ് ബൂത്ത് തലത്തിലുള്ള വിഷയങ്ങൾ പരിഹരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന രാഷ്ട്രീയ സർവകക്ഷി യോഗങ്ങൾ ഈ മാസം 31-ന് പൂർത്തിയാകും. ദേശീയ - സംസ്ഥാനതല രാഷ്ട്രീയ പാർട്ടികളുടെ സജീവ പങ്കാളിത്തത്തോടെ യോഗങ്ങൾ രാജ്യത്തുടനീളം നടന്നു വരികയാണെന്ന് കമ്മീഷൻ അറിയിച്ചു. 28 സംസ്ഥാനങ്ങളിലെയും 8 കേന്ദ്രഭരണ പ്രദേശങ്ങളിലെയും 788 ഡിഇഒമാരെയും 36 സിഇഒമാരെയും ഉൾപ്പെടുത്തിയാണ് സർവകക്ഷി യോഗങ്ങൾ നടക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## HEADLINE-4

## GOVERNOR

പട്ടിക ജാതി- പട്ടിക വർഗ വികസനത്തിൽ രാജ്യത്ത് നിരവധി കാര്യങ്ങൾ നടപ്പാക്കിയിരുന്നതായും എന്നാൽ അവ തുടരേണ്ടതുണ്ടെന്നും കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദളിത് പ്രോഗ്രസ് കോൺക്ലേവ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു ഗവർണർ. ഡോ ബി ആർ അംബേദ്കറിന്റെ ജീവിതം നമുക്ക് വഴികാട്ടിയാണെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ പിന്നാക്ക വിഭാഗങ്ങളിൽ തുടരുന്നവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടത് ഓരോരുത്തരുടേയും ഉത്തരവാദിത്തമാണെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&

## IMF- INDIA GROWTH

കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം ഇരട്ടിയായതായി അന്താരാഷ്ട്ര നാണയ നിധി. ഇക്കാലയളവിൽ ജി ഡി പി യിൽ ഇന്ത്യ 105 ശതമാനം വളർച്ച കൈവരിച്ചതായി ഐ എം എഫിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. 2015-ൽ 2.1 ട്രില്യൺ ഡോളറായിരുന്ന ജി ഡി പി 2025-ൽ 4.3 ട്രില്യൺ ഡോളറായി ഉയർന്ന്, ഇന്ത്യ ലോകത്തിലെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറിയതായും അന്താരാഷ്ട്ര നാണയ നിധി വിലയിരുത്തി.

&&&&&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

&&&&&&&&&&&&&&&&&&&&&&

## PM-RAM MANOHAR LOHIA

Dr. റാം മനോഹർ ലോഹിയയുടെ ജന്മവാർഷിക ദിനമായ ഇന്ന് അദ്ദേഹത്തിൻറെ സംഭാവനകൾ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദീർഘവീക്ഷണമുള്ള നേതാവും, ധീരനായ സ്വാതന്ത്ര്യ സമര

സേനാനിയും , സാമൂഹിക നീതിയുടെ പ്രതിരൂപവുമായിരുന്നു ലോഹിയ എന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&&

**Materiological Day (INTRO)**

***ഇന്ന് ലോക കാലാവസ്ഥാ ദിനം. കാലാവസ്ഥാ സാഹചര്യങ്ങളുടെ പ്രാധാന്യത്തെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ദിനാചരണം. Closing the Early Warning Gap Together എന്നതാണ് ഈ വർഷത്തെ പ്രമേയം. കാലാവസ്ഥാ വ്യതിയാനെത്തെയും ദുരന്ത ലഘൂകരണം സാധ്യമാക്കുന്നതിനെയും കുറിച്ച് കുസാറ്റ് കാലാവസ്ഥാ ശാസ്ത്ര വിഭാഗത്തിലെ ഡോ.എസ് അഭിലാഷ് ആകാശവാണി വാർത്തകളോട് പ്രതികരിക്കുന്നു.***

*(ഹോൾഡ് - വോയിസ്)*

&&&&&&&&&&&&&&&&&&&&&&&

## HEADLINE-5

**IPL**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് ശേഷം 3.30 ന് നടക്കുന്ന മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദ് - രാജസ്ഥാൻ റോയൽസിനെ നേരിടും. ചെന്നൈ സൂപ്പർ കിംഗ്സും, മുംബൈ ഇന്ത്യൻസും തമ്മിൽ രാത്രി 7.30 നാണ് രണ്ടാം മത്സരം. ഈ സീസണിലെ ഉദ്ഘാടന മത്സരത്തിൽ ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു -കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ തോൽപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&

**MIAMI OPEN- TENNIS**

ഇന്ത്യയുടെ യൂകി ഭാംബ്രി-പോർച്ചുഗലിന്റെ നുനോ ബോർജസ് സഖ്യം മിയാമി ഓപ്പൺ ടെന്നീസ് ടൂർണമെന്റ് പുരുഷ ഡബിൾസ് പ്രീ-

ക്വാർട്ടറിൽ പ്രവേശിച്ചു. രോഹൻ ബൊപ്പണ്ണ- ഇവാൻ ഡോഡിഗിൻ സഖ്യത്തെയാണ് ഇവർ പരാജയപ്പെടുത്തിയാണ്.

&&&&&&&&&&&&&&&&&&&&&&

## KHELO INDIA PARA GAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് ബാഡ്മിന്റൺ വനിത ഡബിൾസിൽ കേരളത്തിന്റെ ആൽഫിയ ജെയിംസ് അടങ്ങിയ ടീമിന് സ്വർണം. വീൽചെയർ ബൗണ്ട് ഇനത്തിലാണ് ഉത്തരാഖണ്ഡ് താരം മൻദീപ് കൗറിനൊപ്പം ആൽഫിയ സ്വർണം നേടിയത്. 19 സ്വർണവുമായി തമിഴ്നാടാണ് മെഡൽ പട്ടികയിൽ മുന്നിൽ.

&&&&&&&&&&&&&&&&&&&&&&

## CM MEETING

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ തീരുമാനിക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. നിയമസഭാ ചേംബറിൽ രാവിലെ 11.30 നാണ് യോഗം. മന്ത്രിമാരും പൊലീസ്-എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും. ലഹരി വ്യാപനത്തിനെതിരെ ഇതുവരെ സ്വീകരിച്ച നടപടികളും യോഗത്തിൽ വിലയിരുത്തും. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി വിദ്യാർത്ഥി സംഘടനകളുടെ യോഗവും വിളിച്ചിട്ടുണ്ട്. ഈ മാസം 30 നാണ് യോഗം.

&&&&&&&&&&&&&&&&&&&&&&

## RAJIV CHANDRASEKHAR

ബി ജെ പിയുടെ കേരള അധ്യക്ഷനായി രാജീവ് ചന്ദ്രശേഖറെ തിരഞ്ഞെടുത്തു. ഇന്ന് രാവിലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗത്തിലാണ് രാജീവ് ചന്ദ്രശേഖറെ തിരഞ്ഞെടുത്തത്. കെ സുരേന്ദ്രന്റെ പിൻഗാമിയായാണ് രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന

അധ്യക്ഷ സ്ഥാനത്തേക്ക് എത്തുന്നത്. നാളെ രാവിലെ 11 മണിക്ക് ഔദ്യോഗിക പ്രഖ്യാപനം നടത്തും. ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് രാജീവ് ചന്ദ്രശേഖർ സംസ്ഥാന സമിതി ഓഫീസിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കും. 4 മണിക്കാണ് സൂക്ഷ്മപരിശോധന.

&&&&&&&&&&&&&&&&&&&&&&

**JNANPITH AWARD**

മുതിർന്ന ഹിന്ദി സാഹിത്യകാരൻ വിനോദ് കുമാർ ശുക്ലയ്ക്ക് ജ്ഞാനപീഠം. ഈ പുരസ്കാരം നേടുന്ന ഛത്തീസ്ഗഢിൽനിന്നുള്ള ആദ്യ സാഹിത്യകാരനാണ് ശ്രീ വിനോദ് കുമാർ ശുക്ല. **നൗകർ കീ കമീസ്, ദീവാർ മേ ഖിഡ്കി രഹ്തീ ഥി** എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

&&&&&&&&&&&&&&&&&&&&&&

**ASHA STRIKE**

കേരളത്തിൽ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം നാലാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് ആശാ പ്രവർത്തകർക്ക് പിന്തുണയുമായി നാളെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസമിരിക്കും. വ്യാഴാഴ്ചയാണ് ആശാ പ്രവർത്തകർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചത്. അതേ സമയം ആശാ പ്രവർത്തകരുടെ രാപകൽ സമരം 42 -ാം ദിവസത്തിലേക്ക് കടന്നു.

&&&&&&&&&&&&&&&&&&&&&&

**NTA - CUET**

2025 ലെ കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റിൻറെ രജിസ്ട്രേഷനുള്ള അവസാന തീയതി നീട്ടിയതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) അറിയിച്ചു.

കേന്ദ്ര, സംസ്ഥാന, സ്വകാര്യ, ഡീംഡ്, സർക്കാർ സ്ഥാപനങ്ങളിലെ ബിരുദ കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് cuet.nta.nic.in എന്ന വെബ്സൈറ്റ് വഴി മാർച്ച് 24 വരെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫീസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 25 വരെ നീട്ടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&